**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **09-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 103 ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 10, കൊല്ലം - 9, പത്തനംതിട്ട – 5, ആലപ്പുഴ – 6, കോട്ടയം - 4, ഇടുക്കി - 3, എറണാകുളം-9, തൃശ്ശൂർ – 10, പാലക്കാട് - 8, മലപ്പുറം - 8, കോഴിക്കോട് - 8, വയനാട് - 5, കണ്ണൂർ- 11, കാസർഗോഡ് - 7 |
| (ബി) | കിഡ്നി രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ആർദ്രം Standardisation പ്രകാരം താലൂക്ക്തല ആശുപത്രി മുതലാണ് Speciality services ആരംഭിക്കുന്നത്. താലൂക്ക്തലം മുതൽ dialysisഇല്ലാത്തിടങ്ങളിൽ എല്ലാ സാമ്പത്തിക വർഷവും "Strenghthening of Dialysis units” എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് വരുന്ന പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ പ്രകാരമാണ് പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. |
| (സി) | മലപ്പുറം ജില്ലയിലെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കാമോ; | (സി) | മലപ്പുറം ജില്ലയിൽ താഴെ പറയുന്ന 9 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.<br><br>(1) ഗവൺമെന്റ് ജനറൽ ആശുപത്രി, മഞ്ചേരി, (2) ജില്ലാ ആശുപത്രി, നിലമ്പൂർ, (3) ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, (4) ജില്ലാ ആശുപത്രി, തിരൂർ, (5) താലൂക്ക് ആസ്ഥാന ആശുപത്രി, തിരൂരങ്ങാടി, (6) താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി, (7) സാമൂഹികാരോഗ്യ കേന്ദ്രം, മാറാഞ്ചേരി, (8) സാമൂഹികാരോഗ്യ കേന്ദ്രം, ചുങ്കത്തറ, (9) ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി |

| | | | |
|---|---|---|---|
| (ഡി) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ